# കൈയ്യൊപ്പ്

-ജി.എച്ച്.എസ്.എസ് ഉദുമ

# ആമുഖം

രാജ്യത്തിന് മാതൃകയായി സംസ്ഥാന
വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ
യജ്ഞത്തിലൂടെ ഹൈടെക്  വിദ്യാലയങ്ങളുടെ
പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ
സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ
സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി
വർദ്ധിപ്പിക്കേണ്ടതുണ്ട്.ഈ ലക്ഷ്യം സാക്ഷാ -
ത്കരിക്കുന്നതിനായി
സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം

കുട്ടികളെ വിദ്യാലയത്തിൽതന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച **‘ഹായ് സ്കൂൾ കുട്ടിക്കൂട്ടം’** പദ്ധതി കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളോടെ **‘ലിറ്റിൽ കൈറ്റ്സ് ’**എന്ന പേരിൽ രൂപീകരിക്കപ്പെട്ടു .

മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതികവിദ്യ - യിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തല - മുറയെ വളർത്തിയെടുക്കുന്നതിന് ഈസംരംഭം പരമാവധി പ്രയോജനപരമാണ് . വിദ്യാലയാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർഥികളെക്കൂടി സമുചിതമായി പങ്കാളികളാക്കേണ്ടത് ആ പ്രവർത്തനങ്ങളുടെ ഫലപ്രദവും വിജയകരവുമായ നടത്തിപ്പിൽ അനുപേക്ഷണീയമാണ്. ഹൈടെക്

സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യാധിഷ്ഠിതമാക്കുന്നതോടെ അധ്യാപകർക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും നടത്തിപ്പിലും വിദ്യാർത്ഥികളും പങ്കാളികളാകുന്നത് ഉചിതമായിരിക്കും. അത് സാധ്യമാകണമെങ്കിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികൾ വിദ്യാലയത്തിൽതന്നെ സജ്ജരാകേണ്ടതുമുണ്ട് .

# ഉള്ളടക്കം

കർത്താവേ പണ്ണിനെ കാത്തോണേ.....7

പിന്നെ...........................................13

ഒഴിവുനേരത്ത്..................................15

തിരിച്ചറിവിന്റെ ജാലകം.....................18

പ്രകൃതിതൻ പ്രതീക്ഷ.........................21

നീ പറയാൻ മടിച്ചതും ഞാൻ കേൾക്കാ

ൻ കോതിച്ചതും.................................22

പറയാൻ ബാക്കിവെച്ചത്....................24
പ്രകൃതിയിൽ നിന്നും വിരിഞ്ഞ മായകാ
ഴ്ചകൾ..........................................25
സുപ്രഭാതം....................................26
അമ്മിഞ്ഞപ്പാലിൻ മാധുര്യപ്പെരുമ........29
സന്ധ്യ..........................................31
അവൾ ഉറങ്ങുകയാണ്.......................32
ലോകത്തിൻ ലീലകൾ......................34
ജനാലയ്ക്കരിക്ൽ നിന്ന് .....................37
പെട്ടി...........................................40
കണ്ടിടാം നിന്നേയും.........................44

# കർത്താവേ പെണ്ണിനെ
# കാത്തോണേ.......

കർത്താവേ....

സിസ്റ്റർ മരിയ നിശബ്ദമായി കുരിശിൽ തറയ്ക്കപ്പെട്ട യേശുദേവന്റെ മുൻപിൽ നിന്നും വിലപിച്ചു . എന്നാൽ അത് അവളുടെ ആത്മനൊമ്പരങ്ങൾ നിറഞ്ഞൊരു ഉച്ചത്തിലുള്ള നിലവിളിയായിരുന്നു . അത് യേശുദേവന്റെ മുൻപിൽ എത്ര ശബ്ദത്തിൽ മുഴങ്ങിയിട്ടുണ്ടാകും ?...

ആ അനാഥമന്ദിരത്തിൽ കഴിഞ്ഞാഴ്ചവന്ന ബിസിനസ്സുകാരൻ സ്പോൺസർചെയ്ത ടി.വിയുടെ ശബ്ദമാണ്

അവളുടെ വേദനയ്ക്ക് കാരണം . ഷാലോൺ ടി.വിയിലെ ദൈവവചനങ്ങൾ കേട്ടു കൊണ്ടിരിക്കെ സിസ്റ്റർ ആനിയാണ് കുട്ടികൾക്ക് ലോക വിവരം വരട്ടെ എന്ന് വച്ച് റിമോർട്ടെടുത്ത് ആ സംഭവം വെച്ചത് എന്താണത് 'വാർത്ത' .

പീഡനം , പീഡനം ,സർവത്ര പീഡനം ആ നിലവിളി സിസ്റ്റർ മരിയയുടെ ഹൃദയത്തെ ചുട്ടുപ്പൊള്ളിച്ചു . ഓരോ അക്ഷരങ്ങളും അവൾക്ക് പെൺകുട്ടികളുടെ ചുറ്റും മുരളുന്ന തുടങ്ങുന്ന വണ്ടുകളെ പോലെ തോന്നി . മരിയ വീണ്ടും കർത്താവിൽ അഭയം പ്രാപിച്ചു .

ആ മഠത്തിൽ ഏറ്റവും പ്രായം ചെന്ന സിസ്റ്റർ അന്നമ്മയും കുഞ്ഞചെക്കൻ വർക്കിയും  കൂടി മഞ്ഞബൾബിന്റെ

അരണ്ടവെളിച്ചത്തിൽ വിജനമായ

വീഥിയിലേക്ക് കണ്ണുംനട്ടിരുന്നു .

രണ്ടാം ക്ലാസുകാരനായ അവന്റെ

റോസിചേച്ചി  വന്നിട്ടില്ല എന്ന്

മന്ത്രിച്ചുകൊണ്ടിരുന്നു .

സിസ്റ്റർ ആനി :"ഈ ആറു

മണിയാകുമ്പോഴേ ലൈറ്റിടുന്നതെന്തിനാ

കറന്റ് കാശ് എത്രയാവുന്നറിയാമോ"

"ഇനി ഇരുളും മുൻപേപ്രകാശം വരണം

സിസ്റ്റർ അല്ലെങ്കിൽ എത്ര ജീവിതങ്ങൾ

നഷ്ടപ്പെടും എന്നറിയില്ല" ഇടറുന്ന

ശബ്ദത്തോടെ അന്നമ്മ പറഞ്ഞ

കാര്യങ്ങൾ സമൂഹത്തെക്കുറിച്ച് യാതൊരു

ചിന്തയുമില്ലാത്ത ആനിക്ക് മനസ്സിലായില്ല

എന്നാൽ ഇതെല്ലാം കേട്ടുകൊണ്ട് നിന്ന

സിസ്റ്റർ മരിയ കൂടുതൽ ചിന്തകളിലേക്ക്

വഴുതിവീണു.

ഇരുട്ടിന്റെ കണങ്ങൾ

ചിതറിത്തുടങ്ങുമ്പോൾ നാം ദീപം

തെളിയിക്കുന്നു . നമ്മുടെ മഠത്തിലെ

പ്രകാശം സമൂഹത്തിലേക്ക്

പരക്കുന്നുണ്ടോ ?

ഇന്ന് ഇരുട്ടിൽ മാത്രമാണോ

കഴുകക്കണ്ണുകൾ പുറത്ത് വരുന്നത്

എത്രയോ ജന്മങ്ങൾ പട്ടാപകൽ .

6:30 കഴിഞ്ഞിട്ടും റോസിചേച്ചി വന്നില്ല

എല്ലാവരുടെ മുഖത്ത് ദു:ഖത്തിന്റെയും

വ്യാകുലതകളുടെയും നിഴൽ

വീണുതുടങ്ങി.ആ മഠത്തിൽ ഏക

ആൺതുണയായിരുന്ന വക്കച്ചൻ

കുഞ്ഞുങ്ങൾക്കും മറ്റുള്ളവർക്ക് വേണ്ടിയുള്ള

സാധനങ്ങൾ വാങ്ങാൻ പട്ടണത്തിൽ
പോയിരിക്കുവാ,പോലീസിലറി-
യിച്ചാലോ ഈ ശബ്ദം എല്ലാവരും
ശരിവച്ചു .
ഫോണെടുത്ത് പോലീസ്സ്റ്റേഷൻ നമ്പറായ
100 അവൾ കുത്തി , അരണ്ടശബ്ദത്തിൽ
പോലീസ് മേധാവി സംസാരിച്ചു
"അന്വേഷിക്കാം"അയാൾ നിർത്തി .
ആകെയുള്ള പിടിവള്ളിയും വിട്ടുപോയി .

രാത്രിയേറും തോറും എല്ലാവരുടെയും
മനസ്സിന് ആക്കം വർധിച്ചു അപ്പോഴാണ്
തെരുവുപട്ടികൾ ഓടിച്ചതുപോലെ കിതച്ച്
അവൾ ഓടി വന്നത് .ഭയത്തിന്റെയും
കിതപ്പിന്റെയും ഉള്ളിൽപ്പെട്ട് അവൾക്ക്
ഒന്നും സംസാരിക്കാൻ
കഴിയുന്നുണ്ടായിരുന്നില്ല .

വർക്കി ചേച്ചിയുടെ പരിഭ്രമത്തിന്റെ
കാരണമന്വേഷിച്ചു “ചേച്ചിയെ പട്ടി
ഓടിച്ചോ, ഇത്രയും സമയം
എവിടെയായിരുന്നു ? ”

“അതെ എന്നെ കാമ ഭ്രാന്തൻ
നായകളോടിച്ചു പക്ഷെ ഞാൻ
പിടികൊടുത്തില്ല ഒളിച്ചിരുന്നു, ഒരു തക്കം
നോക്കി രക്ഷപ്പെട്ടു ബസ്സുകിട്ടാൻ
വൈകിയതുകൊണ്ട്
സ്റ്റാൻഡിലെത്തുമ്പോൾ കുറച്ച്
വൈകിയിരുന്നു അവിടെ ആ
ചാവാലിപ്പട്ടികളുണ്ടായിരുന്നു , വായിൽ
വെള്ളമൂറുന്ന കണ്ണുകളുമായി.”റോസിയുടെ
ശബ്ദത്തിന് കനം വർധിച്ചു .

ഇന്ന് റോസിക്ക് നൽകിയ
സംരക്ഷണത്തിന്  മരിയ കർത്താവിന്

സ്തുതി നൽകി . ഇനിയെത്ര കാലം ദൈവം അവളെ സംരക്ഷിക്കും , സമൂഹത്തിനു സംരക്ഷണം നൽകേണ്ടവർ കണ്ണടച്ച് ഉറക്കം നടിക്കുമ്പോൾ മരിയ ദീർഘമായി നിശ്വസിച്ചു .

"കർത്താവേ പെണ്ണിനെ കാത്തോണേ"………

Nandana.k

# പിന്നെ.....

ആരോ മുട്ടുന്ന ജാലകപാളിയിൽ
പാളിനോക്കതില്ല ഞാൻ,
വിറയ്ക്കുന്ന പിന്നെയും
മങ്ങുന്ന കാഴ്ചകൾ,മായാത്തവർണ്ണങ്ങൾ!
ചുരണ്ടിനോക്കാവതല്ല,
ഭൂതകാലത്തിൻ വാതായനങ്ങൾ.....
ആരോ കേഴുന്ന പിന്നെയും
കണ്ണീർ കുതിർന്ന മായുന്ന,പെയ്യുന്ന
തോരാതെ.
'ആസിഫ,സൗമ്യ,ജിഷ'.....
'വർത്തമാന പത്രം'ഉമ്മറത്തിണ്ണയിൽ,
തുറന്ന നോക്കാം ഇന്നെങ്കിലുമിനി.....
ചുഴ്ന്നെടുക്കുന്ന,വറ്റുന്നവർണങ്ങൾ

ജാലകം വിളക്കുന്നു,തുറക്കുന്നു,

കൗമാരം പകർന്ന വർണങ്ങൾ

കാമകമൽ പൊള്ളിച്ച യാമങ്ങൾ

കെമിസ്ടിലാബിലെ പ്രേമകാവ്യങ്ങൾ

പരീക്ഷണങ്ങൾ,പൊട്ടിത്തെറികൾ

'ഗ്ലൂഗിൾ' ചെയ്യുട്ടെ ,

ഈ 'ജാലകകാഴ്ചയെ' മായ്ക്കാൻ

ഏത് 'എച്ച്സിഎൽ'നാവും?

മുഴങ്ങുന്നിതാ പിന്നെയും

ആസിഫ,സൗമ്യ,ജിഷ 'പിന്നെ'.....

Arya.k
9B

# ഒഴിവുനേരത്ത്

എപ്പഴോ എൻ തുടിപ്പുകൾ
നിനക്കായിയൊരീണം മീട്ടുന്നു.
എങ്ങനെന്നോ,എന്തിനെന്നോ
ഓർമ്മയില്ല!
ഞാൻ നിന്റെ താളമാസ്വദിക്കുന്നു.

ഞാൻ വളരുന്നു,എന്റെ ഹൃദയം തുടിക്കുന്നു
എന്റെ പ്രണയം നിനക്കായി നൽകുന്നു
ഏകയായിരുന്ന എൻ പകലിടങ്ങളിൽ
നീ മാത്രമായി,എനിക്കായി......

ഇരുചക്രകസേരയിൽ വീട്ടിലെ
ചുമരുകൾക്കിടയിൽ,തനിച്ചായി,

മൂകയായി,ഏകയായി....

ഞാൻ കഴിഞ്ഞുനീങ്ങുമ്പോൾ

നിന്റെ വരവിനായ് പ്രകൃതി മാറുമ്പോൾ

എന്റെ ഹൃദയം അതിനെ വെറുക്കുമ്പോൾ

ഞാൻ അറിഞ്ഞിരുന്നില്ല

നീയാകുമെൻ കൂട്ടുകാരൻ...

മെല്ലെ,മെല്ലെ,നിരങ്ങി നീങ്ങി

ഞാൻ ജനാലയ്ക്കരികിലെത്തും,

ഹൃദയം നടുക്കുന്ന ഇടിയോടെ,മിന്നലോടെ

നീ വരുമ്പോൾ,ഞാൻ ഒഴിഞ്ഞുമാറുന്നു.....

പെട്ടെന്നൊരിക്കൽ നിനക്കായി മാത്രം

ഞാൻ ജനാലയ്ക്കരികിലെത്തി

നിന്നെ കൺനിറയെ കാണാൻ,

നിന്നെ മനസ്സുനിറയെ കേൾക്കാൻ....

ഇന്നെന്റെ സ്വപ്നത്തിലും നീ....

താളത്തിലും നീ...ഈണത്തിലും നീ...

മഴയേ...ഞാൻ കാത്തിരിക്കുന്നു

നിന്റെ തിരിച്ചു വരവിനായ്.....

Meeramurali.c
9B

# തിരിച്ചറിവിന്റെ ജാലകം

ഏസി തണുപ്പിൽ തിരിയും കസേരയിൽ
ഇരുന്നപ്പോൾ പുറകിലെ മേശയിൽ
നിന്നൊരു

ശബ്ദം..........സന്ദേശസൂചകമീ

വാട്ട്സാപ്പിൻ മൂളൽ......
കൈയ്യിലെടുത്തൊന്നു നീക്കിയപ്പോൾ
പ്രിയകാമുകി

മോളിതൻ സന്ദേശം........

മുഖത്തൊരു തെളിച്ചം, ചുണ്ടിലൊരു
പുഞ്ചിരിയുമായി
പ്രണയഭരിതമാം ജോൺസ ജനൽപാളി
നീക്കി

പ്രണയം നിറഞ്ഞൊരിതവന്റെ കണ്ണിൽ
കണ്ടതൊക്കെയും സുന്ദരം സുരഭിലം
ശാലീത കാഴ്ചകൾ
പിന്നെയും ഫോണിൽ നിന്നൊരു ശബ്ദം
തൻ ഭാര്യ,കോണിപ്പടിയിൽ നിന്നിടറി
വീണ്
അശ്രുപത്രിയിൽ അഡ്മിറ്റഡാണ്
മോളിതൻ സന്ദേശത്തിൽ നിന്നൊന്ന്
താത്കാലികത്തേക്ക് വിടവാങ്ങി

മൂകമാം മനസ്സോടെ ആശ്രുപത്രിയിലെത്തി
പച്ചപ്പുതപ്പിട്ട കട്ടിലൽ തളർന്നുറങ്ങിയ
ഭാര്യയും .....ഏകാന്തമാം ആശ്രുപത്രപ
വരാന്തയും
കുത്തിക്കീറുമീ ഇഞ്ചക്ഷൻ വേദനയിലും
തിരുനെറ്റി തൊടുക്കുറി മായാതെയുണ്ട്

കലങ്ങിയ കണ്ണിലും പുളയുന്ന

വേദനയിലും അവൾ

സന്ദേശമറിയിച്ചു....കുട്ടികൾ....നാലുമണി..

..

മുറിഞ്ഞുവീണ വാക്കുകൾ..............

ജോൺസൺ കുട്ടിവച്ചു

സ്കൂൾ വിട്ടു തൻ മക്കൾ വരാറായി

വെപ്രാളത്തിൽ വീട്ടിലേക്കോടിയപ്പോഴും

അവൻ അറിഞ്ഞില്ല.....തൻ

ഭാര്യ....മക്കൾക്കെല്ലാം അത്താണി

അവനാണെന്ന്

വീട്ടിലെത്തിയപ്പോൾ കുട്ടികൾ തൻ

ആരവം

അമ്മേ .......ചോറ്......വെള്ളം.......

തൻ ലോകം വിട്ട്

അടുക്കളയിലെത്തിയപ്പോൾ

അവൻ പിന്നെയും അറിഞ്ഞില്ല

വാട്ട്സാപ്പിൻ

തൻ ലോകം തീരുമ്പോൾ താൻ

തൊട്ടുകുറിയണിയിച്ചവളുടെ ലോകം

അഴുക്കും മാറാലയും പിടികൂടിയ

അടുക്കളയാണെന്ന് അവൻ

മോഡിപിടിപ്പിച്ച് പറയുന്ന

കിച്ചണാണെന്ന്

എപ്പഴോ ജോൺസനൊന്ന് തിരി

ഞ്ഞുനോക്കി

അവൻ കണ്ടു തിരിച്ചറിവിന്റെ ആകാശം

അവൻ തിരിച്ചറിഞ്ഞു അവന്റെ വിചനമാം

ജാലകത്തിനടുത്ത്

അവളുടെ രോഗം ആ കുഞ്ഞുജാലകം

മാത്രമായിരുന്നെന്ന്

അറിയാതെ

നിറഞ്ഞൊന്നൊഴുകി....മൃതമാം അവന്റെ

മിഴികൾ പിന്നെയും കീശയിലിരുന്ന്

വാട്ട്സാപ്പിൻ മൂളൽ

ഇരുന്നപ്പോൾ മോളിതൻ പ്രേമസന്ദേശം

......

സെറ്റിങ്സിനുള്ളിൽ ബ്ലോക്ക് ബട്ടണിൽ

കൈയ്യൊന്നമർത്തി

പിന്നെ നേരെ താൻ

തൊടുകുറിയിട്ട......തൻ ഭാര്യയ്ക്കടുത്തേക്ക്

Khadheejath Ayfoona N.B
9B

# പ്രകൃതി തൻ പ്രതീക്ഷ

പച്ച വസ്ത്രം ഞാൻ അണിഞ്ഞിരുന്നു
പല പല പൂക്കൾ ചിരിച്ചിരുന്നു
പച്ച വസ്ത്രമാം വനങ്ങളും മലകളും
പല മനുഷ്യരപ്രത്യക്ഷമാക്കി
പാലുപോൽ പുഴകൾ ഒഴുകീയിരുന്നു
പുഞ്ച കൊയ്ത്ത വയൽ മങ്ങിയോപോയ്
പാരിതിലെല്ലാം നശിപ്പിക്കും മനുഷ്യ
പാപങ്ങൾ നീയിന്നു നിർത്തിടേണം
പാലു പോൽ പുഴകൾ ഒഴുകീയിടും
പുഞ്ച കൊയ്യാൻ വയൽ ഉണ്ടായിടും
പച്ച വസ്ത്രം ഞാൻ അണിഞ്ഞിടും
പ്രതീക്ഷകൾ എനിക്കിന്നു ബാക്കിയുണ്ട്.

Saranya Madhavi v.v
9C

# നീ പറയാൻ മടിച്ചതും....

# ഞാൻ കേൾക്കാൻ കൊതിച്ചതും....

ഓരോ നോക്കും നിൻമിഴിയിൽ
ഓരോ വാക്കും നിന്നിലേക്ക്
ഒരു ചെറുപുഞ്ചിരിയാൽ എൻ
മനം നീയെന്നും,
ഒരായിരം വർണംപോൽ
കവർന്നതല്ലേ.......

നിന്റെ ഓരോരോ ഭാവവും ഈണമായ്
എൻ നെഞ്ചിൽ താളമായ്
ഒഴുകിയതല്ലേ.........
നിൻ മൗനമെന്നും  എൻ മിഴിയിലെ
നദിയായി ഒഴുകിയതല്ലേ നീ.......

എൻ ജീവനിൽ നീയെന്നും
അലിഞ്ഞതല്ലേ,
നീയിലായെങ്കിൽ ഞാൻ ചാരമല്ലേ
നിന്നോരോവാക്കും എൻ ജീവനായ്
എൻ മനസ്സിൽ എന്നും പുതുനാദമായ്....

ഇനിയും മടിക്കുന്നതെന്തേ നീ....
ഇത്രമേൽ മൗനമെന്തേ....
എന്നോടിനിയും മൗനമെന്തേ.....

Jinsha U.K
9E

# പറയാൻ ബാക്കിവച്ചത്

നീ പറയാൻ മടിച്ചതും
ഞാൻ കേൾക്കാൻ കൊതിച്ചതും
എത്ര കാലമായി നിന്നിൽ നിന്ന്
ആ വാക്ക് കേൾക്കാൻ ഞാൻ കൊതിച്ചിട്ട്
മഴയിലും പൊള്ളുന്ന പകലിലും ഞാൻ
നിന്റെ ഒപ്പം നടന്നു ആ വാക്കു
കേൾക്കാൻ
എന്തുകൊണ്ടാണു നീ പറയാൻ മടിച്ചത്
ഞാൻ കേൾക്കാൻ കൊതിച്ച വാക്കു
മാത്രം
ഞാൻ എന്നും കൊതിച്ചുപോയ്
നിന്നൊടൊപ്പം നടക്കാൻ
പിരിയാനടുത്ത സമയത്തെങ്കിലും

എന്തുകൊണ്ടാണ നീ പറയാൻ

മടിച്ചത് ആ വാക്കുമാത്രം....

Anagha E.R
9E

# പ്രകൃതിയിൽ നിന്നും വിരിഞ്ഞ മായക്കാഴ്ചകൾ

കാറ്റിലാടി വന്ന ഇളവലേ.....
നീയെന്നെ സ്പർശിക്കുമ്പോളെന്തുസുഖം!
പച്ചിലയിലെ മഞ്ഞുതുള്ളികളെ
തൊടുമ്പോളെന്തുകുളിർമ്മ.....
പച്ചപ്പുതപ്പ് വിരിച്ച പുൽമേടുകൾക്ക്
എന്തൊരു ഭംഗിയെന്ന് നീയറിഞ്ഞോ
മലർ തൻ മാധുര്യസ്പർഷത്തിൽ
ആനന്ദം കൊള്ളുകയാണ നമ്മൾ
പോരണം നമ്മളൊരുനാൾ
അമ്മതൻ കണ്ണീരൊപ്പുവാൻ

പ്രകൃതിയമ്മ തരുന്ന വരങ്ങളെല്ലാം

മനുഷ്യർ തൃപ്തിപ്പെടുത്തണം.

Archana p.v
9E

# സുപ്രഭാതം

താരാജാലങ്ങളെ കൂട്ടയിലാക്കി
വരുന്നിതാ.....സുപ്രഭാതം
നാകത്തിൽ എത്തിയതു പോലെ
നിദ്രയിലാണ്ടുപോയ മനുഷ്യർ;
ബാലതപം വന്ന് രജനിയെ മറയ്ക്കുന്ന
എങ്ങുമവനിയിൽ ഭ്രതിയുണർന്നു;
ആരരമ്യമായ ദർശനം കൊണ്ടെഴുന്നേറ്റ്,
പക്ഷികളുടൻ വയലിലേക്ക് .....
എല്ലാം കഴിഞ്ഞപ്പോൾ പക്ഷികൾതാൻ
സൂക്ഷിച്ചുവച്ചഗീതം മതിയാവോളം
ആലാപനംചെയ്തു
ആ ഗീതം കേട്ടുണരുന്ന കുട്ടികളുടെ
മനസ്സിൽ ഉൽകണ്ഠ ഉണർത്തി,

ഭൂമിയിലെ സർവ്വസസ്യജന്തുജാലങ്ങളുടെ

വാതായനം പോലെ തുറന്നു.

അങ്ങനെ മന്ദം മന്ദം സുപ്രഭാതത്തിന്റെ

ഒളി

ഭൂമിയിൽ പതിച്ചുകൊണ്ടേയിരുന്നു............

Manjusree P.S
9E

# അമ്മിഞ്ഞപ്പാലിൻ മാധുര്യപെരുമ

അകലെ ഉമ്മറത്തിണ്ണയിൽ നിന്നമ്മ
കൈകൊട്ടിയൊന്ന് മാടിവിളിക്കവേ
പിച്ചവച്ചുണ്ണി ഓടിയെത്തി
അമ്മതൻ മാധുര്യം പകരുവാനായി
അമ്മതൻ ചാരെ കിടന്നുറങ്ങി
ഉണ്ണികിനാവിന്റെ
ആഴത്തിലേക്കങ്ങൊണ്ടുപോയി
ആദ്യ കരച്ചിൽ മുതൽക്കമ്മെ ഉണ്ണിയെ
തോളത്തുതാങ്ങി നടക്കുവാനായി
പെരുവിരൽ കുട്ടിക്കെട്ടും വരെ ഈ
സ്നേഹസാഗരമൊരു കെടാവിളക്കായ്
കനലൂതിയൂതി പുകപരത്തി അമ്മ
നാളുകളങ്ങു കഴിച്ചുക്കൂട്ടി

അറിയുക മക്കളേ നിങ്ങളും അമ്മതൻ
ജന്മകഠിന പരീക്ഷണങ്ങൾ
കാലൊന്നുറയ്ക്കാതിരിക്കുമ്പോളമ്മയെ
തോളത്തുത്താങ്ങി നടത്തിടേണം
അമ്മയെ തള്ളിക്കളയുമ്പോഴോർക്കുക
അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും

Sreya Sreedharan
9E

# സന്ധ്യ

ആദിത്യൻ സാഗരങ്ങളിലേക്ക്
സ്നാനത്തിനായി ചെന്നീടവേ
കിളികൾക്കുചേക്കേറുവാനായി
ചില്ലകൾ കാത്തിരിക്കുന്നു

നാടെങ്ങും ദീപങ്ങളാൽ
നറുങ്ങു വെളിച്ചങ്ങളാൽ
അനശ്വരമായിത്തിരുന്നു

നിൻ സൗന്ദര്യത്തിൽ മുഴുകി
നിൽക്കുന്നു നാമെല്ലാം
എന്നെന്നും ദീപമായി
ജ്വലിക്കുകയില്ലേ നീ........?

Unnimaya K.V
9E

# അവൾ ഉറങ്ങുകയാണ്

ചിന്നിച്ചിതറുന്ന പാദസ്വരം
അണിഞ്ഞവൾ
വരവായി എന്ന കേട്ടുഞെട്ടിത്തരിച്ചു നിന്ന
കൺമുന്നിൽ കാണാനൊന്ന പോലും
അവസരം നൽകാതെ ഒരു വരവ്
വന്നവൾകൊണ്ടുപോകും.
വീടെവിടെ , നാടെവിടെ ,
കിളികൾതൻ കൂടെവിടെ
മരച്ചില്ലകൾ പോലും ബാക്കിയുണ്ടാവില്ല.
അവൾ നമ്മുടെ സ്വപ്നച്ചിറകുകൾക്കിടയിൽ
കേറി ഒളിക്കാത്തതെൻ മഹാഭാഗ്യം
അവൾ ഉറങ്ങുകയാണ് ശാന്തതയുടെ
ലോകത്ത് പുഞ്ചിരിയോടെ

അവൾ ഉണർന്നാൽ ഈ ലോകം

അവളുടെ വായ്ക്കുള്ളിൽ അകപ്പെട്ടുപോകും.

സഫലമായൊരു

ഈജീവിതംതുടരണമെങ്കിൽ,

ഓർക്കുക പ്രകൃതിയെ സംരക്ഷിക്കുക

അമ്മയെ  കൈവിടരുത്

നമ്മുടെ പൊന്നോമനയേ.....

Vismaya K.V
9E

# ലോകത്തിൻ ലീലകൾ

മിഴിയിൽ തുടിക്കുന്ന  ഓർമകളേ നിൻ
മിഴിയിലണയും സ്വപ്നമമേ
നിൻ നിറമാർന്ന ചേലതൻ
സ്വപുഷ്പമായ്
അവനിതൻ സ്വർഗമായ് പ്രാണനായ്

അമ്മതൻ കൺകളിൽ ഞാൻ കണ്ട
ജനലഴികൾ
അമ്മതൻ ഭീതിയായ് മാറിയ കാഴ്ചകൾ
കാർമേഘമണയുന്ന ചിത്തത്തിൻ
നൊമ്പരമായ്
കാലങ്ങളോർത്തോർത്ത് കാലനായ്
മാറിയപോൽ

അമ്മതൻ രോഷത്തിൽ അമർന്നതാ
ചിന്തകൾ

പാടവും പുൽതകിടിയും നിറഞ്ഞൊരാ-
പച്ചപുടവയും ചൂടിയ ഓർമകൾ
പച്ചയായ് മാറിയ മാനവ ചിത്തത്തിൻ
അമർഷമായ് മാറിയതറിഞ്ഞു ഞാൻ
കൺകളിൽ
ഇന്നിതാ ലോകവും കാഴ്ചയായ് മാറി
കുളിരാർന്ന ഓർമയും കാണാകനിയായ്

ലോകമേ....നീയിന്നു എവിടെയാണ്
ലോകത്തിൻ ലീലകൾ കാണുവാനായ്
അമ്മയെ പോൽ ചീഞ്ഞുന്ന ലോകമേ...
ലജ്ജയിൽ താഴ്ന്നുപോ നിൻ ശിരസ്സുമായ്
മാനവ നന്മയ്ക്കിന്നപമാനമായ്
മാറിയ കാലമേ ഒന്നോർക്കുക

കാഴ്ച്ചകൾ പലതുണ്ട് കാണുവാനായ്
കൺകളെയറിയുന്ന മാനവർക്കായ്
ജാലകം തുറന്നിതാ വന്നിടുന്നേ

ഓർമ്മകൾ പുഴയായ് ഒഴുകീടുമ്പോൾ
ഓർമ്മയായ് മാറിയ കാഴ്ച്ചയിന്ന്
ഓർത്തോർത്തു കാണുവാൻ ജനലഴികൾ
തുറന്നിട്ടു പോകയായ് പാതിയുമാ കാഴ്ച്ചകൾ

HS girls

# ജനാലയ്ക്കരികിൽ നിന്ന്.....

ജനാല്ക്കരികിൽ നിന്നന്നു ഞാൻ
കണ്ടൊരാ കാഴ്ച്ചകൾ കാണുവാൻ
അത്രയും ആശയായ്....
പുലരിയിൽ തെളിയുന്ന കഴ്ച്ചകൾ
മാധുരിവിശ്വമായുള്ളൊരു കാഴ്ച്ചകളാണവ .
എൻ കണ്ണിൽ കണ്ടൊരാ കാഴ്ച്ചകൾ
എൻ ഹൃദയഭാഗങ്ങളിലായി നിറയുന്നു....
ജീവിതം  ജീവിതം  ജീവിതം
അതിവിസ്മയമാണെൻ ജീവിതം.......
അതിസുന്ദരമായൊരെൻ ജീവിതം.......

പിന്നെ ഞാൻ കണ്ടു പ്രകൃതിയാം
അമ്മതൻ ജീവിതഭാഗങ്ങളായരാ
കാഴ്ചകൾ......
പക്ഷികൾ...ആറുകൾ...മരങ്ങളുമങ്ങനെ
സന്തോഷഭരിതരായി നിൽക്കുന്ന
കാഴ്ചകൾ......
പൂക്കൾ വിരിയുന്നു....
പക്ഷികൾ ചിരിക്കുന്നു....
മരങ്ങളും ആടിക്കളിച്ചുകൊണ്ടിരിക്കുന്നു.....
എന്നാലും കാണാതെ പോയ
ആ കാഴ്ചകൾ അന്നു ഞാൻ
ജനാലയ്ക്കരികിൽ നിന്നു കണ്ടതും....
എൻ മനസ്സാകെ പൂത്തു പ്രകൃതിയാം
അമ്മതൻ സൗന്ദര്യം കാണുവാൻ...
കണ്ടുകൊണ്ടിരിക്കുവാൻ......

നെൽപ്പാടങ്ങൾക്കിടയിൽ നിന്നും
പൊൻ കതിർ കത്തിയെടുക്കാൻ
കളിക്കുന്ന തത്തകൾ....
എൻ മനം പൂക്കുന്ന കയ്ക്കുന്ന തളിർക്കുന്ന
പുലരിതൻ സൗന്ദര്യം കാണുവാൻ വേണ്ടി..
ജനാലയ്ക്കരികിൽ നിന്നന്നു
ഞാൻ കണ്ടൊരാ കാഴ്ചകൾ
കാണുവാൻ അത്രയും ആശയായ്.....

HS girls

# പെട്ടി

കണ്ണിലെ കൃഷ്ണമണികളെ തടയാൻ കഴിയുന്നില്ല.അവ  താൻ പോലുമറിയാതെ ഇടതുഭാഗത്തേക്ക് തെന്നിമാറിക്കൊണ്ടിരുന്നു.മുഖം കള്ളലക്ഷണംകൊണ്ട് മൂടപ്പെട്ടിരുന്നു.അത് തന്നെപോലും ലജ്ജയിൽ കുതിർത്തു.വെറുതെയല്ല എന്റെ കൃഷ്ണമണികൾ ഇടതുഭാഗത്തേക്ക് സഞ്ചരിക്കുന്നത്.അവിടെ സ്വർണ്ണവർണ്ണവും സുന്ദരവുമായ ഒരു പെട്ടി.അതിന് നല്ല ഭാരവും അതിലുപരി ഒരു ലോക്കും. നമ്പർ ലോക്കാണ്. തന്റെ കയ്യിലൂടെ

യാണ് ആ കനമുള്ള പെട്ടി തന്റെ
ഇടതുവശത്ത് എത്തിയത്.വലതുവശത്ത്
തികച്ചും ധനികനായ യുവാവ്. ഈ
സാഹചര്യങ്ങൾ മനസ്സിനെ  പല
ചിന്തകളിലേക്കും സംശയങ്ങളിലേക്കും
അയച്ചത്. പെട്ടെന്ന് വന്ന ഫോൺ
വലതുവശത്തെ യുവാവിൽ ഒരു സംശയം
ചെലുത്തിയ മട്ടിൽ പെട്ടിയുടെ അടുത്ത്
വന്ന് അത്   തുറക്കുകയായി.തന്റെ
മുഖത്ത് എന്തെന്നില്ലാത്ത
ഒരാഹ്ലാദം."ഉണ്ട് അമ്മയുടെ
പഴയസാധനങ്ങൾ നിധി പോലെ എന്റെ
കൈയിലുണ്ട്".പെട്ടി തുറന്ന അതേ
വേഗത്തിൽ ഫോണിലൂടെ അയാൾ
സന്ദേശം എത്തിച്ചു.അതു കേട്ടതും

അടുത്തുണ്ടായ വ്യക്തിയുടെ മുഖവും മനസും

തന്നെ കുറിച്ചൊന്നവിലയിരുത്തി.

ലജ്ജയോട്ടുകൂടിയ വിലയിരുത്തൽ.

Saranya Madhavi v.v
9C

# കണ്ടിടാം നിന്നേയും....

വിടർന്ന പൂവിൻ ആഹ്ലാദമോ ഇത്
മുറിഞ്ഞു വീണിലയുടെ ദുഖമോ
കോരി പൊരിഞ്ഞ കണ്ണീരേ നീയും
രസിച്ചില്ലേൻ അമ്മതൻ മടിതട്ടിനേ
സൂര്യഗാന്ധിയേറ്റു നീയുയർന്നില്ലേ വൃക്ഷമേ
സ്പർഷിച്ചിടാം നീലാകാശത്തേയും
ഉയർന്നുവന്നെൻ മണ്ണിൻ ഗന്ധമേ
തുളച്ചു കയറിയില്ലേ നീയെൻ ഹൃദയത്തിൻ
കോണിൽ
മറന്നിടാം കഴിഞ്ഞൊരോർമയേയും
കൊണ്ടുപോകുമോ ചിത്രശലഭമേ നീയും
ഏറ്റു വാങ്ങി നിൻ സ്നേഹ വൃക്ഷങ്ങൾ
കൊണ്ടുപോകുമോ പറവയേ
എന്നേയും വാനോളം

ഹൃദയത്തിൻ വിങ്ങലേ മായ്ച്ചിടുമോ
ഇലകൾ പൊഴിയും പോലെയെൻ
ഓർമയേ ചിതറി വീണ
മഴത്തുള്ളികളേ
ഒറ്റയാക്കിയില്ലേ അരുവിയേ നീയും
ഒറ്റയാക്കിടുമോ നീയെൻബന്ധത്തേയും
രസിപ്പുവാനെൻ ജീവിതത്തേയും
ഓർത്തിടാമി ജാലക കാഴ്ചകൾ
എന്നുമീ ഹൃദയത്തിൽ
മറന്നിടാം നൊമ്പരത്തിൻ ദിനമേ
ഇരുമ്പാൻ നീ മൂടിയില്ലെയെൻ
ഹൃദയത്തേയും
മഴത്തുള്ളികളെൻ കമ്പിയേ
രസിപ്പിച്ചപ്പോൾ
ഉണങ്ങി നീറിയില്ലേ നീയും......
ഓർത്തിടാം ഞാനീ ജാലകകാഴ്ചകളേ
എന്നുമെൻ ഹൃദയത്തിൽ....

# നന്ദി

ലിറ്റിൽ കൈറ്റ്സ് 2019-21